**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **02-08-2021 - ൽ മറുപടിയ്ക്ക്**

**കൂടുതൽ ഐ. ടി. ഐ.കൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എസ്. എസ്. എൽ. സി. യ്ക്ക് ശേഷം പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഏറെയും ആശ്രയിക്കുന്നത് ഐ. ടി. ഐ. കളെ ആണെന്ന കാര്യം കണക്കിലെടുത്ത് കൂടുതൽ ഐ. ടി. ഐ. കൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; | (എ) | പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഐ. ടി. ഐ. കൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഇല്ല. നിലവിൽ സംസ്ഥാനത്ത് 85 നിയമസഭാമണ്ഡലങ്ങളിൽ ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒന്ന് എന്ന തരത്തിൽ ഐ. ടി. ഐ. കൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ? | (സി) | സംസ്ഥാനത്ത് 69 ബ്ലോക്ക് പഞ്ചായത്തുകളിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ സർക്കാർ ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒന്ന് എന്ന തരത്തിൽ ഐ.ടി.ഐ.കൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ